## കാര്യപരിപാടി

ഈശ്വര പ്രാർത്ഥന

അനുസ്മരണം

| | | |
|---|---|---|
| സ്വാഗതം | : | **സിബിക്കുട്ടി ഫ്രാൻസിസ്**<br>ജനറൽ സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ |
| അദ്ധ്യക്ഷൻ | : | **കെ.പി. ധനപാലൻ Ex.MP**<br>പ്രസിഡന്റ്, കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ |
| ഉദ്ഘാടനം | : | **ശ്രീ. വി.എം. സുധീരൻ**<br>ബഹു. കെ.പി.സി.സി. പ്രസിഡന്റ് |
| എം.എസ്. റാവുത്തർ മെമ്മോറിയൽ ബ്ലഡ് ഡൊണേഷൻ ഫോറം ഉൽഘാടനം | : | **ശ്രീ.വി.എസ്. ശിവകുമാർ**<br>ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രി |
| അനുസ്മരണ പ്രഭാഷണം | : | **ലതികാ സുഭാഷ്**<br>കെ.പി.സി.സി. ജനറൽ സെക്രട്ടറി, വനിതാവേദി പ്രസിഡന്റ്, KEEC |
| | | **കരകുളം കൃഷ്ണപിള്ള**<br>ഡി.സി.സി. പ്രസിഡന്റ്, തിരുവനന്തപുരം |
| | | **അഡ്വ. ജി. സുബോധൻ**<br>വൈസ് പ്രസിഡന്റ്, ഐ.എൻ.റ്റി.യു.സി |
| | | **വി.ആർ. പ്രതാപൻ**<br>ജില്ലാ പ്രസിഡന്റ്, ഐ.എൻ.റ്റി.യു.സി |
| | | **ആർ. ചന്ദ്രചൂഡൻ നായർ**<br>ജനറൽ സെക്രട്ടറി, കേരള പവർബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ |
| കൃതജ്ഞത | : | **വി. ഗോപകുമാർ**<br>സംസ്ഥാന ട്രഷറർ, KEEC |



**2015 സെപ്റ്റംബർ**
**ഞായറാഴ്ച 4 pm 27**

# എം.എസ്. റാവുത്തർ

# 2-ാം വാർഷിക അനുസ്മരണം

**ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാൾ**
പുളിമൂട് ജംഗ്ഷൻ, തിരുവനന്തപുരം

ഉദ്ഘാടനം
**ശ്രീ. വി.എം. സുധീരൻ**
ബഹു. കെ.പി.സി.സി. പ്രസിഡന്റ്

എം.എസ്. റാവുത്തർ മെമ്മോറിയൽ
Blood Donation Forum ഉദ്ഘാടനം
**ശ്രീ. വി.എസ്. ശിവകുമാർ**
ബഹു. ആരോഗ്യ, ദേവസ്വം വകുപ്പ് മന്ത്രി

അദ്ധ്യക്ഷൻ : **കെ.പി. ധനപാലൻ Ex. MP**
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ

**സുഹൃത്തേ,**

എം.എസ്. റാവുത്തർ എന്ന ബഹുമുഖപ്രതിഭയെ നഷ്ടപ്പെട്ടിട്ട് 2015 സെപ്തംബർ 27 ന് രണ്ട് വർഷം തികയുകയാണ്. റാവുത്തർസാറിനെക്കുറിച്ചുള്ള ഓർമ്മകൾ എന്നും നമ്മുടെ മനസ്സുകളിൽ നിറഞ്ഞു നിൽക്കുന്നു. കൊടിയുടെ നിറം നോക്കാതെ തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിച്ചിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. വൈദ്യുതി ബോർഡിൽ കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ എം.എസ്. റാവുത്തറുടെ നേതൃത്വത്തിൽ കോൺഫെഡറേഷൻ സ്വീകരിച്ചിരുന്ന നിലപാടുകൾ ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു. റീവെസ്റ്റിംഗുമായി ബന്ധപ്പെട്ട് ത്രികക്ഷി കരാർ വേണമെന്നും പ്രസ്തുത കരാറിനെ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തണമെന്നും പെൻഷന് ഗ്യാരന്റി വേണമെന്നുമുള്ള നിലപാടുകൾ അംഗീകരിക്കപ്പെട്ടു. നിയമനം പി.എസ്.സി. നടത്തണമെന്നുള്ള നിർദ്ദേശം അംഗീകരിച്ച് ഗവൺമെന്റ് ഉത്തരവ് പുറത്തിറക്കി. ത്രികക്ഷി കരാർ ഉൾപ്പെടെയുള്ള സുരക്ഷാപദ്ധതികളെ ആദ്യം മുതൽ എതിർത്തവർ പോലും പിന്നീട് അത് അംഗീകരിച്ചത് റാവുത്തറുടെ നേതൃത്വത്തിൽ കോൺഫെഡറേഷൻ സ്വീകരിച്ച നയങ്ങളുടെ വിജയമാണ്. വൈദ്യുതി ബോർഡിൽ ട്രേഡ് യൂണിയനുകളുടെ ഐക്യം ഉറപ്പാക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് സാധിച്ചു. എം.എസ്. റാവുത്തറുടെ പാതകളെ പിന്തുടർന്ന് കോൺഫെഡറേഷൻ വൈദ്യുതിരംഗത്തെ എല്ലാ മേഖലയിലും ശക്തമായി മുന്നോട്ട് പോകുന്നു.

കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി, INEWF അഖിലേന്ത്യാ ജനറൽ സെക്രട്ടറി, INTUC കേന്ദ്ര പ്രവർത്തക സമിതി അംഗം, വിവിധ ട്രേഡ് യൂണിയനുകളുടെ പ്രസിഡന്റ്/ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചുവരവെയാണ് അദ്ദേഹം 2013 സെപ്തംബർ 27 - ന് ഈ ലോകത്തോട് വിടപറഞ്ഞത്.

എല്ലാ ഡിവിഷൻ ആസ്ഥാനങ്ങളിലും സെപ്തംബർ 27 - ന് രണ്ടാം ചരമ വാർഷിക അനുസ്മരണം സംഘടിപ്പിച്ചിട്ടുണ്ട്. അനുസ്മരണത്തോടനുബന്ധിച്ച് കോൺഫെഡറേഷന്റെ നേതൃത്വത്തിൽ എം.എസ്. റാവുത്തർ മെമ്മോറിയൽ ബ്ലഡ് ഡൊണേഷൻ ഫോറത്തിന് രൂപം നൽകുന്നു. രക്തം നൽകാൻ തയ്യാറുള്ള കോൺഫെഡറേഷൻ അംഗങ്ങളുടെ ലിസ്റ്റ് യൂണിയന്റെ വെബ്സൈറ്റിൽ (intuckeec.com) നിന്നും ജില്ലാതലത്തിൽ ബ്ലഡ് ഗ്രൂപ്പ് തിരിച്ച് ലഭിക്കുന്നു.

ഈ ഫോറത്തിൽ മറ്റുള്ളവർക്കും അംഗങ്ങളാകാവുന്നതാണ്.

അനുസ്മരണ ചടങ്ങുകളിൽ പ്രമുഖ രാഷ്ട്രീയ ട്രേഡ് യൂണിയൻ സാംസ്കാരിക നേതാക്കൻമാർ പങ്കെടുക്കുന്നു.

എം.എസ്. റാവുത്തറുടെ ചിരകാല അഭിലാഷമായിരുന്നു റഫറണ്ടത്തിനുള്ള അംഗീകാരം. 2003 ൽ നടന്ന റഫറണ്ടത്തിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ UDF സംഘടനകൾ ഒറ്റക്കെട്ടായി മത്സരിച്ച് 16.82% വോട്ട് നേടി. അതിനുശേഷം നിരന്തരമായ 10 വർഷത്തെ പ്രവർത്തനത്തിലൂടെ കേരളത്തിലെ 72 ഡിവിഷനുകളിലും ശക്തമായ കമ്മിറ്റികൾ ഉണ്ടാക്കി. സംഘടനയെ ശക്തമാക്കുവാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന്കഴിഞ്ഞു. 2015 ഒക്ടോബർ മാസം നടക്കുവാൻ പോകുന്ന റഫറണ്ടത്തിൽ അദ്ദേഹം ആഗ്രഹിച്ചതുപോലെ യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF) മത്സരിക്കുകയാണ്. UDF മായി ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും കോൺഫെഡറേഷനാണ് UDEEF. അരുവിക്കരയിൽ ഒറ്റക്കെട്ടായി നിന്നതിൽ UDF ന് കിട്ടിയ വിജയം KSEB Ltd. ലും ആവർത്തിക്കും. ഈ വിജയം തുടർന്നു വരുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിലും നിയമസഭാ തിരഞ്ഞെടുപ്പിലും പ്രതിഫലിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. UDF ഭരണത്തിൽ വന്നതിനുശേഷം ശ്രീ. ആര്യാടൻ മുഹമ്മദ് വൈദ്യുതി മന്ത്രിയായതിനുശേഷം KSEB Ltd. ലെ തൊഴിലാളികളുടെ എല്ലാ വിഷയങ്ങളും 100% പരിഹരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് DA ലഭിക്കുന്ന അതേമാസം ഇവിടെയും DA, നിയമനങ്ങൾ, പ്രമോഷനുകൾ മുഴുവൻ നടപ്പിലാക്കി. ബാക്കിയുള്ളത് നടത്തുവാൻ ഉത്തരവിട്ടു. തടഞ്ഞുവച്ചിരുന്ന ആശ്രിത നിയമനം മുഴുവൻ പൂർത്തിയാക്കി. സബ് എഞ്ചിനീയർ ട്രെയിനി നിയമനം, നൈറ്റ്ഡ്യൂട്ടി ഓഫ് ഉത്തരവ്, മൂലമറ്റം പവർഹൗസ് കാണാനുള്ള അനുവാദം തുടങ്ങിയ നിരവധിക്ഷേമ പദ്ധതികൾ നടപ്പാക്കിയ UDF സക്കാരിന്റെ പിന്തുണയുള്ള UDEEF നെ നടക്കുവാൻ പോകുന്ന റഫറണ്ടത്തിൽ വൻ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ച് എം.എസ്.റാവുത്തറുടെ അഭിലാഷം സാക്ഷാത്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2015 സെപ്തംബർ 27 ഞായറാഴ്ച 4 pm ന് തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ (പുളിമൂട് ജംഗ്ഷൻ, സ്റ്റാച്ച്യു) നടക്കുന്ന അനുസ്മരണ സമ്മേളനത്തിൽ എല്ലാ ജീവനക്കാരെയും ഓഫീസർമാരെയും സുഹൃത്തുക്കളെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

NB: അനുസ്മരണ ചടങ്ങ് കോൺഫെഡറേഷന്റെ വെബ്സൈറ്റിലൂടെ (www.intuckeec.com) തൽസമയം പ്രക്ഷേപണം ചെയ്യുന്നതാണ്.

തിരുവനന്തപുരം
21 - 09 - 2015

**ജനറൽ സെക്രട്ടറി,**
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ